പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 642** 2..12..2014 ൽ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളുടെ നിരീക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളെയും യൂണിറ്റുകളേയും മോണിറ്റർ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെയും യൂണിറ്റുകളെയും മോണിറ്റർ ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉത്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പ്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ (കശുവണ്ടി മേഖല ഉൾപ്പെടെ) പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്രപൊതുമേഖലയുമായി സഹകരിച്ച് പ്രവർത്തിച്ച് ഉത്പ്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി ഒരു ഇൻറർനെറ്റ് അധിഷ്ടിത വെബ് പോർട്ടൽ Public Sector Restructuring & Internal Audit Board (RIAB) സജ്ജമാക്കിയിട്ടുണ്ട്. ഇതിൻെറ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ അവയുടെ പ്രവർത്തനം ബഹു.വ്യവസായവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ത്രൈമാസികമായും അർദ്ധവാർഷികമായും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.
- വ്യവസായ വകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി പൂത്തിയാകുന്നത് RIAB മുഖേന വ്യവസായ വകുപ്പ് മോണിറ്റർ ചെയ്തുവരുന്നു. കമ്പനികളിലെ ഇൻേറണൽ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി ചാർട്ടേഡ് അക്കൗണ്ടൻറ്സിൻെറ വ്യവസായ വകുപ്പ് അംഗീകരിച്ച പാനലിൽ നിന്നുമാത്രമേ ഇൻേറണൽ ആഡിറ്റേഴ്സിനെ നിയമിക്കാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.
- പൊതുമേഖലാസ്ഥാപനങ്ങളിൽ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) ൻെറ ഓഫീസ് മുഖേന നടത്തുന്ന കമേഴ്സ്യൽ ആഡിറ്റ് സംവിധാനം നിലവിലുണ്ട്. കൂടാതെ വകുപ്പുതലത്തിലും, ധനകാര്യ വകുപ്പിൻെറ പരിശോധനാ വിഭാഗം മുഖേനയും പരിശോധനകൾ നടത്താറുണ്ട്.
- പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും ചെലവ് ചുരുക്കുന്നതിൻെറയും ഭാഗമായി "ഇ-പേയ്മെൻറ്" സംവിധാനത്തോടു കൂടിയുള്ള "ഇ-പ്രൊക്യൂർമെൻറ്" നടപ്പിലാക്കിയിട്ടുണ്ട്.
- വ്യവസായ വകുപ്പിൻെറ അധീനതയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പ്രവർത്തനം കൃത്യമായി സംയോജിപ്പിച്ച് മെച്ചപ്പെടുത്തുന്നതിനായി കെൽട്രോണിൻെറ സഹായത്തോടെ വ്യവസായ വകുപ്പിൻെറ ഇൻറർനെറ്റ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ കൈമാറുന്നതിനുള്ള ഒരു സംവിധാനവും (MIS portal) നിലവിലുണ്ട്.
- പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിനും കണക്കുകൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുമായി എൻറർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു. ഇതിനുവേണ്ടി 2014-15 ലെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൻെറ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും e-governance-ൻെറ ഭാഗമായി ഏർപ്പെടുത്തി യിട്ടുണ്ട്.
- വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമായി നടത്തുന്നതിൻെറ ഭാഗമായി മാനേജീരിയൽ കാറ്റഗറിയിലും കരാറടിസ്ഥാനത്തിലും ഉൾപ്പെടെയുള്ള എല്ലാ നിയമനങ്ങളും RIAB-ൻെറ മേൽനോട്ടത്തിൽ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Manu

സെക്ഷൻ ഓഫീസർ